ജിം മുഖേന സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള നിക്ഷേപം

108 [1281] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

„ *റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വിദേശ നിക്ഷേപം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ജിം മുഖേന സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം നടന്നിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ളവയും എന്നാൽ പദ്ധതികൾ ആരംഭിക്കാത്തതുമായ എത്ര നിക്ഷേപകരുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പദ്ധതികൾ തുടങ്ങാൻ കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിൽ വിദേശ നിക്ഷേപം ഒന്നും നടന്നിട്ടില്ല.

(ബി) ജിം മുഖേന കിൻഫ്രയുടെ പാർക്കുകളിൽ ഏകദേശം 37 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്. കെ. എസ്. ഐ. ഡി. സി. യുടെ മേൽനോട്ടത്തിൽ 246.95 കോടിയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(സി) കിൻഫ്രയുടെ കീഴിൽ പദ്ധതികൾ ആരംഭിക്കാത്ത മൂന്ന് നിക്ഷേപകരുണ്ട്. കെ. എസ്. ഐ. ഡി. സി.-യെ സംബന്ധിച്ച പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതിവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

(ഡി) കിൻഫ്രയുടെ പദ്ധതികളിലുള്ള 3 നിക്ഷേപകരെ തുടർന്നും ബന്ധപ്പെട്ടിരുന്നുവെങ്കിലും അവർ അനുകൂലമായ പ്രതികരണം നൽകിയില്ല. കെ. എസ്. ഐ. ഡി. സി.-യെ സംബന്ധിച്ച വിശദാംശം അനുബന്ധം 2-ൽ വ്യക്തമാണ്. †

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/567/2012—18

LIBRARY ARCHIVES Kerala Legislative Assembly